**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2574** **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പിൽ എല്ലാ രോഗങ്ങൾക്കും ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപിൽ എല്ലാ രോഗങ്ങൾക്കും ചികിത്സ ലഭ്യമാക്കി ഇൻഷ്വറൻസ് ഏർപ്പെടുത്താൻ സാധിക്കുമോ; | (എ) | 23.06.2022 ലെ സ. ഉ (പി) നം.70/2022/ധന പ്രകാരം നിലവിൽ വന്ന മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1920 മെഡിക്കൽ/ സർജിക്കൽ ചികിത്സാ രീതികൾക്കും 12 ഇന അവയവമാറ്റ ചികിത്സകൾക്കും മാത്രമേ പദ്ധതി കാലയളവായ 2022-25 വരെ ഇൻഷ്വറൻസ് ആനുകൂല്യം സാധാരണമായി ലഭ്യമാകുകയുള്ളൂ. ഇൻഷ്വറൻസ് കമ്പനിയുമായുള്ള കരാറിൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗങ്ങൾക്ക് മെഡിസെപ് പരിരക്ഷ നൽകുവാൻ മാത്രമേ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. **ഇതിൽ ഉൾപ്പെടാതെയുള്ള രോഗങ്ങൾക്ക് 'Unspecified' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 1.5 ലക്ഷം രൂപ വരെയുള്ള ചികിത്സ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | ചില സ്വകാര്യ ആശുപത്രികൾ മെഡിസെപ് പദ്ധതി അംഗീകരിക്കാൻ വിമുഖത കാണിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിസെപ് പദ്ധതി അംഗീകരിക്കാൻ വിമുഖത കാണിക്കുന്നതായി പരാതി ഉയർന്ന സ്വകാര്യ ആശുപത്രികളുമായി അവർ ഉന്നയിക്കുന്ന വിഷയത്തിൻമേൽ ചർച്ചകൾ നടത്തി പരിഹാരം കണ്ടെത്തുവാൻ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ